LIBRARY ARCHIVES Kerala Legislative Assembly

അതിരപ്പിള്ളിയിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ

343 (2899) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു ടൂറിസം ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനോട് ചേർന്ന് കാർ റോപ്പ്വേ നിർമ്മിക്കുന്നതിനും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇതിനായി സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പദ്ധതിയുടെ സാദ്ധ്യതാ പഠനറിപ്പോർട്ട് തയ്യാറാക്കാനായി ടൂറിസം വകുപ്പിന്റെ തൃശ്ശൂർ ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2558, 2664, 2669, 2672, 2673, 2835 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല).

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)